**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 131** **23-01-2025 - ൽ മറുപടിയ്ക്ക്**

**സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അർദ്ധ സൈനിക വിഭാഗങ്ങൾക്ക് പുറമേ സംസ്ഥാനത്തെ പോലീസ്, ജയിൽ, ഫയർ ഫോഴ്സ് വകുപ്പുകൾക്ക് സെൻട്രൽ പോലീസ് ക്യാന്റീൻ സംവിധാനം അനുവദിച്ചിരുന്നോ; വിശദമാക്കാമോ; | (എ) | പോലീസ് വകുപ്പിൽ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ അനുമതിയോടെ 2011 ൽ സംസ്ഥാനത്ത് സെൻട്രൽ പോലീസ് ക്യാന്റീൻ ആരംഭിക്കുകയുണ്ടായി. നിലവിൽ ജി.എസ്.ടി യുടെ 50 ശതമാനം ഇളവ് ആനുകൂല്യം പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നുണ്ട്. |
| (ബി) | നിലവിൽ പ്രസ്തുത സംവിധാനത്തിന്റെ ആനുകൂല്യങ്ങൾ പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | ജയിൽ, ഫയർ ഫോഴ്സ് ഉദ്യോഗസ്ഥരെ പ്രസ്തുത സംവിധാനത്തിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വിശദമാക്കാമോ; | (സി) | സെൻട്രൽ പോലീസ് ക്യാന്റീനുകൾ അനുവദിക്കുന്നതിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പട്ടികയിൽ ജയിൽ, ഫയർഫോഴ്സ് എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭിക്കുന്നതിന് അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത സംവിധാനം ജയിൽ, ഫയർ ഫോഴ്സ് വകുപ്പുകൾക്കും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടോ; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ? | (ഡി) | (സി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ